# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1984** — **15/7/2016** -ൽ മറുപടിക്ക്

## പത്തനംതിട്ട നഗരസഭയിലെ കുടിവെള്ള ക്ഷാമം

### ചോദ്യം

ശ്രീമതി. വീണാ ജോർജ്ജ്

(എ) പത്തനംതിട്ട നഗരസഭയിലെ കുടി വെള്ളക്ഷാമം പരിഹരിക്കാൻ ജൈക്ക യുമായി ചേർന്ന് ആലോചിക്കുന്ന പുതിയ പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; അതിന്റെ ചർച്ച ഏത് ഘട്ടത്തിലാണെന്ന് വിശദമാ ക്കുമോ?

### മറുപടി

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) പത്തനംതിട്ട നഗരസഭയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ ജൈക്കയുമായി ചേർന്ന് പുതിയ പദ്ധതികൾ ഒന്നും പരിഗ ണനയിൽ ഇല്ല. ജൈക്ക പദ്ധതിയിൽ ഉൾപ്പെടാതിരുന്ന ജില്ലകൾക്കായുള്ള സമഗ്ര ജില്ലാ പദ്ധതിയിൽ (സി.ഡി.പി) പത്തനം തിട്ട മുനിസിപ്പാലിറ്റിയും, മൈലപ്ര, മലയാലപ്പുഴ, ഓമല്ലൂർ, വടശ്ശേരിക്കര എന്നീ സമീപ പഞ്ചായത്തുകൾക്കുമായുള്ള കുടി വെള്ള പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ

JSK/